**അവകാശലംഘന പ്രശ്നം**

മി. സ്പീക്കർ: 28-06-2016-ന് ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ. അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ട് നൽകിയ നോട്ടീസിന്റെ ചർച്ചാവേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയെ തെറ്റിദ്ധരിപ്പിച്ചു എന്നുകാണിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ. ഉന്നയിച്ച അവകാശലംഘന പ്രശ്നം ചെയറിന്റെ പരിഗണനയിലാണ്.

**മുഖ്യമന്ത്രിയുടെ പ്രമേയം**

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

**അവലോകനം**

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം 2016 ജൂൺ 2 മുതൽ ജൂലായ് 19 വരെ രണ്ട് ഘട്ടമായി നടന്നു. ഒന്നാം ഘട്ടത്തിൽ ജൂൺ 2-ന് അംഗങ്ങളുടെ സത്യപ്രതിജ്ഞയും ജൂൺ 3-ന് സ്പീക്കർ തെരഞ്ഞെടുപ്പുമായിരുന്നു. പ്രതിപക്ഷനേതാവിനെയും അന്ന് പ്രഖ്യാപിക്കുകയുണ്ടായി.

രണ്ടാംഘട്ടത്തിൽ ജൂൺ 24 മുതൽ ജൂലായ് 19 വരെ 13 ദിവസം സഭാസമ്മേളനം നടന്നു. ജൂൺ 24-ന് ബഹുമാനപ്പെട്ട ഗവർണ്ണർ ശ്രീ. പി. സദാശിവം നയപ്രഖ്യാപന പ്രസംഗം നടത്തുകയുണ്ടായി. ജൂൺ 28, 29, 30 എന്നീ തീയതികളിൽ നയപ്രഖ്യാപനത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച നടന്നു. ജൂൺ 29-ന് ഡെപ്യൂട്ടി സ്പീക്കറെ തെരഞ്ഞെടുക്കുകയുണ്ടായി. ജൂലായ് 8-ന് 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റും വോട്ട്-ഓൺ-അക്കൗണ്ടും അവതരിപ്പിച്ചു. ജൂലായ് 11, 12, 13 എന്നീ തീയതികളിൽ ബഡ്ജറ്റിന്മേലുള്ള പൊതുചർച്ചയും ജൂലായ് 14-ന് വോട്ട്-ഓൺ-അക്കൗണ്ടിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കംചെയ്യൽ) ഭേദഗതി ബില്ലിന്റെ അവതരണവും ചർച്ചയും നടന്നു. ഇന്ന് (ജൂലായ് 19-ന്) പ്രസ്തുത ബിൽ സഭ പാസ്സാക്കുകയും ചെയ്തു. ജൂലായ് 18-ന് വോട്ട്-ഓൺ-അക്കൗണ്ട് സംബന്ധിച്ച ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കുകയും 2016-ലെ കേരള ധനകാര്യ ബിൽ സഭയിൽ അവതരിപ്പിക്കുകയുമുണ്ടായി.

ഈ സമ്മേളനത്തിൽ മൊത്തം 4706 ചോദ്യങ്ങൾക്കുള്ള നോട്ടീസ് അനുവദിച്ചതിൽ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ 300-ഉം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ 2453-ഉം ആയിരുന്നു. ഇവയിൽ നക്ഷത്രചിഹ്നമിട്ട 38 ചോദ്യങ്ങൾക്ക്

സഭാതലത്തിൽ മറുപടി നൽകിയിട്ടുണ്ട്. ഇതുകൂടാതെ രണ്ട് അടിയന്തര ചോദ്യത്തിനും സഭാതലത്തിൽ ഉത്തരം പറഞ്ഞിട്ടുണ്ട്. ചട്ടം 50 അനുസരിച്ചുള്ള 7 അടിയന്തരപ്രമേയത്തിനുള്ള നോട്ടീസുകളും ചട്ടം 62 അനുസരിച്ചുള്ള 20 ശ്രദ്ധക്ഷണിക്കൽ നോട്ടീസുകളും ചട്ടം 304 അനുസരിച്ചുള്ള 115 സബ്മിഷൻ നോട്ടീസുകളും സഭാതലത്തിൽ ഉന്നയിക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെക്കുറിച്ചുള്ള ധവളപത്രമുൾപ്പെടെ 531 പേപ്പറുകളും വിവിധ നിയമസഭ കമ്മിറ്റികളുടെ 2 റിപ്പോർട്ടുകളും സഭയിൽ അവതരിപ്പിക്കുകയുണ്ടായി. ഈ സമ്മേളനത്തിൽ അനൗദ്യോഗിക അംഗങ്ങൾ നോട്ടീസ് നൽകിയ 2 ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ സഭാതലത്തിൽ വന്നിട്ടുണ്ട്. ആയത് രണ്ടിനും പുതിയ അംഗങ്ങൾക്കാണ് അവസരം ലഭിച്ചത് എന്നുള്ള കാര്യം ചെയർ സന്തുഷ്ടിയോടെ ഓർക്കുന്നു. ചട്ടം 300 അനുസരിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒരു സ്റ്റേറ്റ്മെന്റ് നടത്തിയിട്ടുണ്ട്. ചട്ടം 130 അനുസരിച്ച് എസ്.ബി.ടി.-യെ എസ്.ബി.ഐ.-യിൽ ലയിപ്പിക്കുന്നത് സംബന്ധിച്ച് സഭ ചർച്ച ചെയ്യുകയും പ്രസ്തുത നടപടിക്കെതിരെയുള്ള ഒരു പ്രമേയം പാസ്സാക്കുകയും ചെയ്തു. സംസ്ഥാനത്തെ നാല് സ്വകാര്യ സ്കൂളുകൾ ഏറ്റെടുക്കുന്നതിനായി ചട്ടം 23 പ്രകാരമുള്ള ഒരു സ്റ്റാറ്റ്യൂട്ടറി പ്രമേയവും സഭ പാസ്സാക്കി. മത്സ്യവിത്ത് ചട്ടത്തിലെ ചില വകുപ്പുകളുടെ

ഭേദഗതികളുള്ള ഒരു നോട്ടീസും സഭ പരിഗണിക്കുകയുണ്ടായി.

മുൻ സ്പീക്കർ ടി. എസ്. ജോൺ ഉൾപ്പെടെ 6 മുൻ അംഗങ്ങളുടെയും കാവാലം നാരായണപണിക്കരുടെയും നിര്യാണം സംബന്ധിച്ച് സഭയിൽ റഫറൻസ് നടത്തുകയുണ്ടായി. ആകെ 15 ദിവസം നീണ്ടുനിന്ന ഒന്നാം സമ്മേളനം വിജയകരമായി പൂർത്തിയാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. നാല്പത്തിനാല് പുതിയ അംഗങ്ങളുടെ സാന്നിധ്യം ഈ സഭയെ കൂടുതൽ ചലനാത്മകമാക്കുകയുണ്ടായി. ഉപചോദ്യങ്ങൾ ചോദിക്കുവാൻ പുതിയ അംഗങ്ങൾക്ക് കൂടുതൽ അവസരം കിട്ടുന്നതരത്തിൽ നടപ്പാക്കിയ മാനദണ്ഡത്തിലും സഭയുടെ സമ്മേളന സമയം പരമാവധി കൃത്യതയോടെ പാലിക്കുന്നതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഉൾപ്പെടെയുള്ള എല്ലാവരുടെയും നിസീമമായ സഹകരണമാണ് ചെയറിന് ലഭിച്ചത്. ആയതിന് ചെയർ നന്ദി രേഖപ്പെടുത്തുന്നു. അതോടൊപ്പം സഭയുടെ ഈ സമ്മേളനം വിജയകരമായി പൂർത്തിയാക്കുന്നതിന് ചെയറിനോട് സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട കക്ഷിനേതാക്കൾ, ബഹുമാനപ്പെട്ട അംഗങ്ങൾ, പത്ര-ദൃശ്യ മാധ്യമ പ്രതിനിധികൾ, നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാർ, വിവിധ വകുപ്പുകളിലെ ജീവനക്കാർ ഉൾപ്പെടെ

എല്ലാവർക്കും ചെയർ ആത്മാർത്ഥമായി നന്ദി രേഖപ്പെടുത്തുന്നു. എല്ലാവർക്കും ചെയർ ഊഷ്മളമായ ഓണാശംസകൾ നേരുന്നു.

ഓർഡർ..... ഓർഡർ.... സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(സഭ ദേശീയഗാനാലാപനത്തോടെ ഉച്ചയ്ക്കുശേഷം 3.00 മണിക്ക് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

************